നമ്പർ. എൻ.ഇ.പി (3)/2557/19/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.

തീയതി: 22/01/2019

# സർക്കുലർ

**വിഷയം:-** **പൊതുവിദ്യാഭ്യാസം - എട്ട്, ഒമ്പത് ക്ലാസുകളിലെ 2018-19 അധ്യയനവർഷത്തെ വർഷാന്ത്യ ഐ.ടി. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാധാ) നം.3936/2013/പൊ.വി.വ തീയതി 25.09.2013
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.02.2018-ലെ എൻ.ഇ.പി (3)/9723/2018/ഡി.പി.ഐ നമ്പർ സർക്കുലർ.

എട്ട്, ഒമ്പത് ക്ലാസുകളിലെ 2018-19 അധ്യയന വർഷത്തെ വർഷാന്ത്യ ഐ.ടി പരീക്ഷ നടത്തുന്നതിന് എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. 8, 9 ക്ലാസുകളിൽ നടത്തേണ്ട വർഷാന്ത്യ ഐ.ടി പരീക്ഷ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) വർഷാന്ത്യ ഐടി പരീക്ഷ 2019 മാർച്ചിലെ എസ്.എസ്.എൽ.സി ഐടി പരീക്ഷ സ്കൂളിൽ തീരുന്നതിന് തൊട്ടടുത്ത ദിവസം തുടങ്ങി 2019 മാർച്ച് 29-നു മുമ്പ് പൂർത്തിയാക്കേണ്ടതാണ്. (ഐടി പാഠഭാഗങ്ങൾ പൂർത്തിയാക്കിയ സ്കൂളുകൾക്ക് ഫെബ്രുവരി 11 മുതൽ പരീക്ഷ ആരംഭിക്കാവുന്നതാണ്).

2) ഐ.ടി പരീക്ഷ ഗ്നു/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തേണ്ടത്.

3) തിയറി, പ്രാക്ടിക്കൽ ഭാഗങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ കമ്പ്യൂട്ടറിൽ തന്നെയാണ് നടത്തേണ്ടത്.

4) ഐടി@സ്കൂൾ ഗ്നു/ലിനക്സ് 14.04 ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന രീതിയിലാണ് പരീക്ഷാ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരിക്കുന്നത്.

5) പത്താം ക്ലാസിലെ മോഡൽ ഐടി പരീക്ഷയ്ക്കുവേണ്ടി നൽകിയ ഡിവിഡിയിലാണ് 8, 9 ക്ലാസുകളിലേക്കുള്ള വർഷാന്ത്യ ഐടി പരീക്ഷാ സോഫ്റ്റ്‌വെയർ ഉൾപ്പെടുത്തിയിട്ടുള്ളത്.

6) സ്കൂളുകൾക്കുള്ള പാസ്‌വേർഡുകൾ കൈറ്റിന്റെ ജില്ലാ കോർഡിനേറ്റർമാർക്ക് ലഭ്യമാക്കുന്നതാണ്. ഇത് പ്രഥമാധ്യാപകരുടെ യോഗത്തിൽ അതത് സ്കൂളുകൾക്ക് നൽകേണ്ടതാണ്.

7) വർഷാന്ത്യ ഐടി പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള പാഠഭാഗങ്ങൾ, സ്കോറുകൾ എന്നിവയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (1)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

8) കേൾവിക്കുറവുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ (Special Schools for Hearing Impaired Students) ഐ.ടി പരീക്ഷയ്ക്കുള്ള പ്രത്യേക സോഫ്റ്റ്‌വെയർ പ്രസ്തുത സ്കൂളുകൾക്ക് കൈറ്റ് ലഭ്യമാക്കുന്നതാണ്.

9) സ്കൂളുകൾക്ക് നൽകുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ പരീക്ഷയ്ക്കുശേഷം ഹെഡ്മാസ്റ്റർ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

10) സ്കൂളുകൾക്ക് ലഭിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സ്കൂളിനു പുറമേ പരസ്യപ്പെടുത്തുകയില്ലായെന്ന് ഉറപ്പുവരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്തം സ്കൂൾ ഹെഡ്മാസ്റ്റർമാർക്കാണ്.

11) വർഷാന്ത്യ ഐടി പരീക്ഷയ്ക്ക് ലഭിക്കുന്ന സ്കോർ മറ്റ് വിഷയങ്ങളുടെ എഴുത്തു പരീക്ഷയിൽ ലഭിക്കുന്ന സ്കോറിനോടൊപ്പം അടുത്ത ക്ലാസിലേക്കുള്ള പ്രമോഷന് പരിഗണിക്കേണ്ടതുമാണ്.

12) പരീക്ഷ മുകളിൽ പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതും കൺസോളിഡേറ്റഡ് സ്കോർ ഷീറ്റിന്റെ പ്രിന്റൗട്ടും മുഴുവൻ കുട്ടികളുടെയും റിസൽട്ട് അടങ്ങിയ Export file, മുഴുവൻ കുട്ടികളുടെയും റിസൽറ്റ് അടങ്ങിയ PDF ഫയലുകൾ, School Registration Details-ന്റെ ഫയൽ, എന്നിവ പകർത്തിയ സി.ഡിയുടെ ഒരു കോപ്പിയും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സ്കൂൾ ഐടി കോർഡിനേറ്ററും ഹെഡ്മാസ്റ്ററും ഒപ്പിട്ട് പരിശോധനയ്ക്കും വിലയിരുത്തലിനുമായി 2019 ഏപ്രിൽ 5 -നു മുമ്പ് സമർപ്പിക്കേണ്ടതാണ്.

13) കൈറ്റ് മാസ്റ്റർ ട്രെയിനർ വിദ്യാഭ്യാസ ജില്ലാതലത്തിൽ പ്രസ്തുത സിഡിയും പ്രിന്റൗട്ടും ശേഖരിച്ച് കൈറ്റിന്റെ ജില്ലാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

14) കൈറ്റ് ജില്ലാ കോർഡിനേറ്റർമാർ, മാസ്റ്റർ ട്രെയിനർമാരുടെ സഹായത്തോടെ ഓരോ സ്കൂളിന്റെയും സിഡിയിലുള്ള മാർക്ക് ലിസ്റ്റ്, മറ്റു ഫയലുകൾ എന്നിവ പരിശോധിച്ച് സ്കൂളിലെ എല്ലാ കുട്ടികളും പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് കൈറ്റിന്റെ വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 2019 ഏപ്രിൽ 13-ന് മുമ്പ് സമർപ്പിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ (I/C)

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
കൈറ്റ് ജില്ലാ കോർഡിനേറ്റർ മുഖേന)

സ്റ്റോക്ക് ഫയൽ

## അനുബന്ധം (1)

### 8,9 ക്ലാസുകളിലെ വർഷാന്ത്യ ഐടി പരീക്ഷയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ

ഐ ടി പരീക്ഷയ്ക്ക് തിയറി, പ്രാക്ടിക്കൽ എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. ഒരു സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തിയറി-പ്രാക്ടിക്കൽ ഭാഗങ്ങൾ കമ്പ്യൂട്ടറിൽ തന്നെ ചെയ്യാൻ കഴിയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

**സ്കോറും മൂല്യനിർണയവും**

ഐ ടി പരീക്ഷയ്ക്ക് 50 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 10 സ്കോർ തിയറി ഭാഗത്തിനും 28 സ്കോർ ഐടി ശേഷികൾ പരിശോധിക്കുന്ന പ്രാക്ടിക്കൽ ഭാഗത്തിനും 2 സ്കോർ ഐടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും 10 സ്കോർ സി ഇ പ്രവർത്തനങ്ങൾക്കും ആണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 28 സ്കോറിനുള്ള പ്രാക്ടിക്കൽ ഭാഗത്തിന്റെ ഉല്പന്നങ്ങളും പരീക്ഷ നടത്തുന്ന അധ്യാപകർ തന്നെ മൂല്യനിർണയം നടത്തേണ്ടതാണ്. അധ്യാപകന്റെ മൂല്യനിർണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കും. തിയറി ഭാഗത്തിന്റെ മൂല്യനിർണയം സോഫ്റ്റ്‌വെയർ തന്നെ നടത്തുന്നതാണ്.

**സമയം**

ഐ.ടി പരീക്ഷയുടെ സമയം ഒരു മണിക്കൂർ ആണ്. (സമാശ്വാസ സമയം ഉൾപ്പെടെ)

**ഭാഗം I - തിയറി**

തിയറി ഭാഗത്തിന്റെ സ്കോർ 10 ആണ്. 8, 9 ക്ലാസുകളിൽ ആറ് മുതൽ പത്ത് വരെയുള്ള യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് വർഷാന്ത്യ പരീക്ഷയുടെ തിയറി ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് വിഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഈ ഭാഗത്ത് ഉണ്ടാവുക. അവ ചുവടെ ചേർത്തിരിക്കുന്നു.

വിഭാഗം 1 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് ½ സ്കോറാണ്. 10 ചോദ്യങ്ങളുണ്ടാകും.

വിഭാഗം 2 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് 1 സ്കോറാണ്, 5 ചോദ്യങ്ങളുണ്ടാകും.

**ഭാഗം II - പ്രാക്ടിക്കൽ**

പ്രാക്ടിക്കൽ ഭാഗത്തിന്റെ സ്കോർ 28 ആണ്. എട്ട്, ഒമ്പത് ക്ലാസുകൾക്ക് നാല് വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ചോദ്യങ്ങളിൽ ഓരോ വിഭാഗത്തിലും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. വർഷാന്ത്യ പരീക്ഷയുടെ പ്രാക്ടിക്കൽ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പാഠഭാഗങ്ങളും ഓരോ പാഠഭാഗത്തിനുമുള്ള സ്കോറും ചുവടെചേർത്തിരിക്കുന്നു.

ക്ലാസ് - VIII

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | വിവരവിശകലനം എന്തെളുപ്പം | 2 | 1 | 7 |
| 2 | കമ്പ്യൂട്ടറിലെ പരീക്ഷണശാലകൾ | 2 | 1 | 7 |
| 3 | അവതരണം ആകർഷകം, ഹലോ മൈക്ക് ടെസ്റ്റിങ് | 2 | 1 | 7 |
| 4 | ചിത്രലോകത്തെ വിസ്മയങ്ങൾ | 2 | 1 | 7 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | 2 |
| ആകെ സ്കോർ | | | | 30 |

ക്ലാസ് - IX

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | വിവരവിശകലനം കമ്പ്യൂട്ടറിൽ | 2 | 1 | 7 |
| 2 | അനുപമമാക്കാം അവതരണം | 2 | 1 | 7 |
| 3 | വെബ്പേജുണ്ടാക്കാം, ദൃശ്യസംയോജനം | 2 | 1 | 7 |
| 4 | ചിത്രങ്ങളുടെ ലയവിന്യാസം | 2 | 1 | 7 |
| പ്രാക്ടിക്കൽ വർക്ക്ബുക്ക് | | | | 2 |
| ആകെ സ്കോർ | | | | 30 |